# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1946** **07-12-2015-ൽ മറുപടിയ്ക്ക്**

## ലോട്ടറി വില്പന വരുമാനം

| | ചോദ്യം<br>ശ്രീ. വി. ചെന്താമരാക്ഷൻ : | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഭാഗ്യക്കുറി വകുപ്പിന് 2015-16 സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ എത്ര തുക വിറ്റുവരവ് ഇനത്തിൽ ലഭ്യമായി; സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ തുക എത്ര വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | ഭാഗ്യക്കുറി വകുപ്പിന് 2015-16 സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ വിറ്റുവരവ് ഇനത്തിൽ 3491.80 കോടി രൂപ ലഭ്യമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ വിറ്റുവരവ് 6365 കോടി രൂപയായി വർദ്ധിക്കുമെന്ന് കണക്കാക്കുന്നു. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം ലോട്ടറി വിൽപ്പനയിലൂടെ എത്ര കോടി ലഭിച്ചുവെന്ന് വിശദമാക്കുമോ; | (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം (2014-15) ലോട്ടറി വിൽപ്പനയിലൂടെ 5445.84 കോടി രൂപ ലഭിച്ചു. |
| (സി) | നടപ്പ് സാമ്പത്തിക വർഷം ഭാഗ്യക്കുറിയിൽ നിന്നും ലാഭവും നികുതി വരുമാനവുമായി എത്ര ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും 2015 ജനുവരി 15 വരെ ഈ ഇനത്തിൽ എത്ര തുക ലഭിച്ചുവെന്നും വിശദമാക്കുമോ; | (സി) | നടപ്പ് സാമ്പത്തിക വർഷം (2015-16) ഭാഗ്യക്കുറിയിൽ നിന്നും ഏകദേശം 1365 കോടി രൂപ അറ്റാദായം/ലാഭം പ്രതീക്ഷിക്കുന്നു. നടപ്പ് സാമ്പത്തിക വർഷം 2015 ഒക്ടോബർ വരെയുള്ള ഏകദേശ ലാഭം 797 കോടി രൂപയാണ്. 2014-15 സാമ്പത്തിക വർഷത്തിൽ 2015 ജനുവരി 15 വരെയുള്ള ലാഭം ഏകദേശം 917.84 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ ഭാഗ്യക്കുറി നറുക്കെടുപ്പിന്മേലുള്ള മുൻകൂർ നികുതിയിനത്തിൽ ഏകദേശം 186.5 കോടി രൂപ ഒടുക്കേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽ നവംബർ മാസം വരെ 124 കോടി രൂപ ഒടുക്കിയിട്ടുണ്ട്. |

2014-15 സാമ്പത്തിക വർഷത്തിൽ ജനുവരി 15 വരെ 154 കോടി രൂപ നറുക്കെടുപ്പിന്മേലുള്ള മുൻകൂർ നികുതിയിനത്തിൽ ഒടുക്കിയിട്ടുണ്ട്.

**(ഡി)** നടപ്പ് സാമ്പത്തിക വർഷം എത്ര പേർ ഭാഗ്യക്കുറിയിൽ ഏജന്റുമാരായി ജോലി ചെയ്യുന്നുണ്ട്; ഭാഗ്യക്കുറി വിൽപനക്കാരുടേയും ഏജന്റ്മാരുടേയും ക്ഷേമനിധി മുഖേന നടപ്പ് വർഷം ഇതുവരെ എത്ര തുക ധനസഹായമായി നൽകിയെന്നും എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നും വിശദമാക്കുമോ ?

**(ഡി)** നിലവിൽ 32,302 പേർ ഭാഗ്യക്കുറി ഏജന്റ്മാരായിട്ടുണ്ട്.

ഭാഗ്യക്കുറി വിൽപനക്കാരുടേയും ഏജന്റ്മാരുടേയും ക്ഷേമനിധി മുഖേന നടപ്പ് വർഷം ധസഹായമായി 12,81,20,676/- രൂപ 32250 പേർക്ക് അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആനുകൂ-ല്യങ്ങൾ | അനുവദിച്ച തുക (രൂപയിൽ) | ആനുകൂല്യം അനുവദിക്കപ്പെട്ടവരുടെ എണ്ണം |
|---|---|---|---|
| 1 | പെൻഷൻ | 76,41,000 | 2068 |
| 2 | കുടുംബ പെൻഷൻ | 3,33,000 | 147 |
| 3 | മരണാനന്തര ധനസഹായം | 64,47,350 | 115 |
| 4 | ചികിത്സാ ധനസഹായം | 1,98,827 | 45 |
| 5 | വിവാഹ ധനസഹായം | 3,95,000 | 79 |
| 6 | പ്രസവാനു-കൂല്യം | 50,000 | 10 |
| 7 | വിദ്യാഭ്യാസ അവാർഡ് | 1,85,000 | 117 |
| 8 | ഓണം അലവൻസ് | 11,19,60,800 | 29,565 |
| 9 | ഒറ്റത്തവണ സ്കോളർഷിപ്പ് | 8,75,000 | 81 |
| 10 | ക്ഷേമനിധി അംഗത്വം അവസാനി-പ്പിച്ചത് | 34699 | 23 |
| | ആകെ | 12,81,20,676 | 32,250 |

Jeyash

**സെക്ഷൻ ഓഫീസർ.**